**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പതിനൊന്നിന പരിപാടിയുടെ ഭാഗമല്ലാതെ ആരംഭിച്ച ലൈബ്രറിയിലേയും ശിശു മന്ദിരങ്ങളിലെയും ലൈബ്രേറിയൻ, നഴ്സറി ടീച്ചർ, ആയ എന്നിവരുടെ ഓണറേറിയം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(കൈ) നം. 5/2019/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം: 10/01/2019**

---

പരാമർശം: 1. സ.ഉ.(എം.എസ്) നം. 87/2017/തസ്വഭവ തീയതി 24/04/2017.

2. പഞ്ചായത്ത് ഡയറക്ടറുടെ 05.04.2018, 26.09.2018 തീയതികളിലെ ഇ 9-27122/16 നമ്പർ കത്തുകൾ

**ഉത്തരവ്**

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പതിനൊന്നിന പരിപാടി പ്രകാരം പ്രവർത്തിക്കുന്ന സാംസ്കാരികനിലയം, ശിശുമന്ദിരം, എന്നിവിടങ്ങളിൽ ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കപ്പെട്ട ലൈബ്രേറിയൻമാർ, നഴ്സറി ടീച്ചർമാർ എന്നിവരുടെ ഓണറേറിയം 12,000/- രൂപയായും ആയമാർക്ക് 8,000/- രൂപയായും 01.01.2017 മുതൽ പ്രാബല്യത്തിൽ വർദ്ധിപ്പിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സർക്കാരിന്റെ വിവിധ പദ്ധതികളിൽ നിർമ്മിച്ച മറ്റ് സ്ഥാപനങ്ങളിൽ ഓണറേറിയം വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് പ്രസ്തുത ഉത്തരവിന്റെ ഗുണഫലം ലഭിക്കുന്നില്ലെന്നും ടി ജീവനക്കാരുടെ ഓണറേറിയവും സമാനമായി വർദ്ധിപ്പിക്കണമെന്നും അഭ്യർത്ഥിച്ച് സർക്കാരിൽ നിവേദനം ലഭിച്ചു. മറ്റു മേഖലകളിൽ കാലാകാലങ്ങളിൽ വേതനവർദ്ധനവ് അനുവദിക്കുമ്പോൾ വളരെ കാലമായി യാതൊരു വേതന വർദ്ധനവും ലഭിക്കാതെ സേവനമനുഷ്ഠിച്ചുവരുന്ന മേൽ ജീവനക്കാർക്ക് ഓണറേറിയം വർദ്ധിപ്പിച്ച് നൽകണമെന്ന ആവശ്യം പരിഗണനാർഹമാണെന്നും ഗ്രാമീണ മേഖലകളിൽ സാംസ്കാരിക രംഗത്തും ശിശുപരിചരണ രംഗത്തും സമഗ്രമായ സംഭാവനകൾ നൽകുന്ന ടി സ്ഥാപനങ്ങൾ നിലനിൽക്കേണ്ടത് അത്യന്താപേക്ഷിതമായതിനാൽ പതിനൊന്നിന പരിപാടിയുടെ ഭാഗമല്ലാതെ ആരംഭിച്ച ലൈബ്രറികളിലെ ലൈബ്രേറിയൻമാർ, ശിശു മന്ദിരങ്ങളിലെ നഴ്സറി ടീച്ചർമാർ, ആയമാർ എന്നിവർക്ക് സമാന തസ്തികകളിൽ തുല്യജോലി നോക്കുന്ന ജീവനക്കാർക്ക് അനുവദിച്ചതിന്റെ അനുപാതത്തിൽ ഓണറേറിയം വർദ്ധനവ് അനുവദിക്കാവുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു പരാമർശം (1) ലെ ഉത്തരവിന് തത്തുല്യമായി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പതിനൊന്നിന പരിപാടിയുടെ ഭാഗമല്ലാതെ ആരംഭിച്ച ലൈബ്രറിയിലേയും ശിശു മന്ദിരങ്ങളിലെയും ലൈബ്രേറിയൻമാർ, നഴ്സറി ടീച്ചർമാർ എന്നിവരുടെ ഓണറേറിയം 12,000/- രൂപയായും ആയമാർക്ക് 8,000/- രൂപയായും വർദ്ധിപ്പിച്ചുകൊണ്ടും ഇതിലേയ്ക്കാവശ്യമായ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ എന്നിവർക്ക് അനുമതി നൽകികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത ഓണറേറിയം വർദ്ധനവിന് 01.01.2017 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ. ബി**

**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (ഫയൽ നം.ഡെവ-1/168/2018 തീയതി, 13/12/2018.)
വെബ് ആൻഡ് ന്യൂ മീഡിയ (I&PRD)
ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെ ബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി. (ഫയൽ നം. 98/ഇപിഎ 2/2017/തസ്വഭവ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ